## പത്രക്കുറിപ്പ് (07-06-2018)

## മൺസൂൺകാലം – തൃശ്ശൂർ സിറ്റി പോലീസ് കൂടുതൽ സുരക്ഷയൊരുക്കുന്നു

മൺസൂൺ കാലത്ത് മോഷണങ്ങൾ വർദ്ധിക്കുവാൻ ഇടയുള്ളതിനാൽ ആയത് തടയുന്നതിനായി തൃശ്ശൂർ സിറ്റി പോലീസ് കമ്മീഷണർ ശ്രീ. യതീഷ് ചന്ദ്ര.ജി.എച്ച്. IPS ൻെറ നേതൃത്വത്തിൽ തൃശ്ശൂർ സിറ്റി പോലീസ് പരിധിയിൽ പോലീസ് സുരക്ഷാ സംവിധാനങ്ങൾ കൂടുതൽ ശക്തമാക്കിയിട്ടുള്ളതാണ്.

- സുരക്ഷയുടെ ഭാഗമായി തൃശ്ശൂർ സിറ്റി പോലീസ് പരിധിയിലെ 21 പോലീസ് സ്റ്റേഷൻ പരിധികളിലും എല്ലാ ദിവസവും രാത്രി 11.00 മണി മുതൽ പോലീസ് പട്രോളിങ്ങ് ഉണ്ടായിരിക്കും. ഒരു സബ്ബ് ഇൻസ്പെക്ടറും, മൂന്ന് പോലീസുകാരും പട്രോളിങ്ങ് സംഘത്തിൽ ഉണ്ടായിരിക്കും.
- പോലീസ് വാഹനത്തിലുള്ള പട്രോളിങ്ങിനു പുറമെ ബൈക്കുകളിലും, കാൽനടയായും പോലീസ് പട്രോളിങ്ങ് സംഘങ്ങൾ സദാ ഉണ്ടായിരിക്കും. ഇത്തരം സംഘങ്ങൾ ആളുകൾ തിങ്ങി താമസിക്കുന്ന സ്ഥലങ്ങളിലും ചെറിയ പോക്കറ്റ് റോഡുകൾ ഉൾപ്പടെയുള്ള വലിയ വാഹനങ്ങൾ എത്തിച്ചേരാൻ കഴിയാത്ത സ്ഥലങ്ങളിലും എത്തിച്ചേരുന്നതാണ്.
- രാത്രികാല പട്രോളിങ്ങ് സംഘങ്ങൾ എ.ടി.എം. കൗണ്ടറുകൾ, ബാങ്കുകൾ, മറ്റു ധനകാര്യ സ്ഥാപനങ്ങൾ എന്നിവ പ്രവർത്തിക്കുന്ന സ്ഥലങ്ങളിലും, ആരാധനാലയങ്ങളുടെ പരിസരങ്ങളിലും, ജ്വവലറികൾ സ്ഥിതി ചെയ്യുന്ന സ്ഥലങ്ങളിലും, ഒറ്റപ്പെട്ട വീടുകൾ സ്ഥിതി ചെയ്യുന്ന പ്രദേശങ്ങളിലും പ്രത്യേകം ശ്രദ്ധ കേന്ദ്രീകരിച്ച് പട്രോളിങ്ങ് നടത്തുന്നതാണ്.
- പട്രോളിങ്ങ് കാര്യക്ഷമമാക്കുന്നിൻെറ ഭാഗമായി തൃശ്ശൂർ സിറ്റി പോലീസ് പരിധിയിലെ 1500 ഓളം സ്ഥലങ്ങളിൽ പട്ടാബുക്ക് സ്ഥാപിച്ചിട്ടുള്ളതാണ്.
- സ്ഥിരമായി കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടുവരുന്നവരെ അവരുടെ വാസസ്ഥലങ്ങളിലും, അത്തരക്കാർ തമ്പടിക്കുന്ന മറ്റിടങ്ങളിലും പോലീസ് പരിശോധന നടത്തും.
- റെയിൽവേ സ്റ്റേഷൻ, ബസ്സ് സ്റ്റാൻഡുകൾ എന്നിവിടങ്ങളിൽ പ്രത്യേക നിരീക്ഷണത്തിനായി മഫ്തിയിലുൾപ്പടെയുള്ള പോലീസ് സംഘങ്ങളെ പ്രത്യേകം വിന്യസിച്ചിട്ടുള്ളതാണ്.

- സംശയാസ്പദമായ സഹചര്യങ്ങളിൽ കാണുന്നവരെ ചോദ്യം ചെയ്യും നിയമനടപടികൾ സ്വീകരിക്കുന്നതായിരിക്കും.
- കുറ്റകൃത്യങ്ങൾ തടയുന്നതിനായി പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി ജനമൈത്രി സംവിധാനം ഉപയോഗിച്ച് റസിഡൻസ് അസോസിയേഷനുകളുടെ സഹകരണത്തോടുകൂടി ബോധവത്ക്കരണ ക്ലാസ്സുകൾ നടത്തുന്നതാണ്.
- കുറ്റകൃത്യങ്ങൾ തടയുന്നതുമായി ബന്ധപ്പെട്ട് ധനകാര്യ സ്ഥാപനങ്ങളുടെയും, ജ്വവലറി ഉടമകളുടെയും, ആരാധനാലയങ്ങളുടെ ചുമതലയുള്ളവരുടെയും ഒരു യോഗം ജില്ലാ പോലീസ് മേധാവി വിളിച്ചു ചേർത്തിട്ടുള്ളതാണ്.
- ജ്വവലറികളിലും, ആരാധനാലയങ്ങളിലും, ധനകാര്യ സ്ഥാപനങ്ങളിലും സി.സി. ടി.വി. ക്യാമറകളും, സെക്യൂരിറ്റി ഗാർഡുകളെയും നിയമിക്കുന്നതിൻെറ ആവശ്യകത സ്ഥാപന ഉടമകൾക്ക് വിശദീകരിച്ച് കൊടുത്തിട്ടുള്ളതാണ്.
- ജ്വവലറികളും, ആരാധനലയങ്ങളും, ധനകാര്യ സ്ഥാപനങ്ങളും സ്ഥിതി ചെയ്യുന്ന സ്ഥലങ്ങളിൽ ആവശ്യമായ വെളിച്ചം ഉറപ്പുവരുത്തുന്നതിനും, കാടുപിടിച്ച് കിടക്കുന്ന സ്ഥലങ്ങൾ വൃത്തിയാക്കുന്നതിനും നിർദ്ദേശിച്ചിട്ടുള്ളതാണ്.
- രാത്രി കാല പട്രോളിങ്ങിനായി സന്നദ്ധരായ ജനമൈത്രി അംഗങ്ങളുടെ സേവനം ഉപയോഗിക്കും.
- വാഹനപരിശോധന കർശനമാക്കുന്നതിനായി പ്രത്യേക സ്ഥലങ്ങൾ കേന്ദ്രീകരിച്ച് പോലീസിനെ വിന്യസിക്കും.
- രാത്രികാല പോലീസ് പട്രോളിങ്ങ് കൃത്യമായി നടക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനായി ഉയർന്ന പോലീസ് ഉദ്യോഗസ്ഥൻമാർ സർപ്രൈസ് ചെക്ക് നടത്തുന്നതാണ്.

**<u>പൊതുജനങ്ങൾക്ക് തൃശ്ശൂർ സിറ്റി പോലീസ് നൽകുന്ന സുരക്ഷാ മുന്നറിയിപ്പ്.</u>**

- മൺസൂൺ കാലയളവിൽ വീട് പൂട്ടി പോകുന്നവർ അക്കാര്യം അടുത്ത പോലീസ് സ്റ്റേഷനിൽ രേഖാമൂലം അറിയിക്കേണ്ടതാണ്. പോലീസ് പട്രോളിങ്ങ് സമയത്ത് ഇത്തരം വീടുകൾ പോലീസ് പ്രത്യേകം നിരീക്ഷിക്കുന്നതാണ്.
- പ്രായമുള്ള ആളുകൾ മാത്രം താമസിക്കുന്ന വീടുകളെ പറ്റിയുള്ള വിവരങ്ങൾ ബന്ധപ്പെട്ടവർ അടുത്തുള്ള പോലീസ് സ്റ്റേഷനിൽ അറിയിക്കേണ്ടതാണ്.
- വീട്ടിൽ ആൾ താമസില്ലാത്ത ദിവസങ്ങളിൽ പത്രം, പാൽ എന്നിവ മുറ്റത്ത് അലക്ഷ്യമായി കിടക്കുന്നത് കണ്ടുവരുന്നുണ്ട്. ഇത്തരം വീടുകളിൽ ആളുകൾ ഇല്ലായെന്ന് ഉറപ്പിക്കുവാൻ മോഷ്ടാക്കൾക്ക് ഇത് മൂലം സാധിക്കുന്നതാണ്. ആയതിനാൽ ഇത്തരം ദിവസങ്ങളിൽ പാൽ, പത്രം എന്നിവ താത്ക്കാലികമായി നിറുത്തലാക്കുകയോ, അയൽവാസികളോട് ശേഖരിച്ച് വയ്ക്കുവാൻ അറിയിപ്പ് നൽകുകയോ ചെയ്യേണ്ടതാണ്.
- വീട്ടു പൂട്ടി പോകുന്ന സമയം വീടിനുപുറത്തെ ലൈറ്റുകൾ പകൽ സമയങ്ങളിൽ ഓഫാക്കുന്നതിന് അയൽവാസികളെ ഏർപ്പാട് ചെയ്യുന്നത് ഗുണകരമാണ്.
- മോഷ്ടാക്കൾക്ക് ഉപയോഗിക്കുവാൻ കഴിയുന്ന തരത്തിലുള്ള ഇരുമ്പ് പാരകൾ , മഴു മുതലായ തരത്തിലുള്ള ഉപകരണങ്ങൾ വീടിനുപുറത്ത് സൂക്ഷിക്കുന്നത് ഒഴിവാക്കേണ്ടതാണ്.
- ഭൂരിഭാഗം മോഷ്ടാക്കളും വീടിൻെറ പുറകു വശത്തെ വതിൽ തള്ളിത്തുറന്നാണ് വീടിനകത്തേയ്ക്ക് മോഷണത്തിനായി കയറുന്നത്. ആയതിനാൽ പുറം വാതിലുകൾ ഇരുമ്പ് പട്ട ഉപയോഗിച്ചും മറ്റും കൂടുതൽ സുരക്ഷിതമാക്കേണ്ടതാണ്.
- എന്തെങ്കിലും അനിഷ്ട സംഭവങ്ങളുണ്ടായാൽ വീട്ടിലെ മുഴുവൻ ലൈറ്റുകളും തെളിയുന്ന തരത്തിൽ മാസ്റ്റർ സ്വിച്ച് സ്ഥാപിക്കുന്നത് ഗുണകരമായിരിക്കും.

- രാത്രി കാലങ്ങളിൽ വീടിനു ചുറ്റുമുള്ള ലൈറ്റുകൾ പ്രകാശിപ്പിക്കുന്നത് മോഷണം തടയുന്നതിന് ഉപകരിക്കുന്നതാണ്.
- അസ്വഭാവികമായി തെരുവ് വിളക്കുകൾ അണയുന്നത് ശ്രദ്ധയില്പ്പെട്ടാൽ പൊതുജനങ്ങൾ അക്കാര്യം ബന്ധപ്പെട്ട ഇലക്ട്രിസിറ്റി അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
- മോഷ്ടാക്കൾ പകൽ സമയങ്ങളിലും അക്രമങ്ങൾ നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ അപരിചിതരായവർ വീട്ടിലേയ്ക്ക് വരുമ്പോൾ ജനലിൽകൂടി വീക്ഷിച്ചതിനുശേഷം മാത്രം മുൻവാതിൽ തുറക്കുന്നതാണ് ഉചിതം.
- ആക്രി സാധനങ്ങൾ ശേഖരിക്കുന്നതിനായി വീടുകളിൽ അപരിചിതർ വരികയാണെങ്കിൽ അത്തരക്കാരെ ശ്രദ്ധിക്കേണ്ടതാണ്.
- വീടുകളിൽ വിലപിടിപ്പുള്ള സ്വർണ്ണാഭരണങ്ങളും, പണവും സൂക്ഷിക്കുന്നത് ഒഴിവാക്കേണ്ടതും, അത്യാവശ്യമുള്ള സ്വർണ്ണാഭരണവും, പണവും മാത്രം സൂക്ഷിക്കേണ്ടതുമാണ്.
- വിലപിടിപ്പുള്ള സാധനങ്ങൾ സൂക്ഷിക്കുന്നതിന് ബാങ്ക് ലോക്കർ സംവിധാനം ഉപയോഗിക്കുന്നത് ഗുണകരമാണ്.
- വീടുകളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നത് അപരിചിതരുടെയും, മോഷ്ടാക്കളുടെയും സാന്നിദ്ധ്യം മനസ്സിലാക്കുന്നതിന് ഗുണകരമാകുമെന്നതിനാൽ പൊതുജനങ്ങൾ ഇക്കാര്യത്തിൽ കൂടുതൽ താത്പര്യം കാണിക്കേണ്ടതാണ്.
- നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടുള്ള വീടുകളിൽ 24 മണിക്കൂറും ക്യാമറ പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും, ആയതിൻെറ ബാക്ക് അപ്പ് പരമാവധി ദിവസം സൂക്ഷിക്കേണ്ടതുമാണ്.
- താരതമ്യേന ചിലവുകുറഞ്ഞ ബർഗളർ അലറാം സംവിധാനം വീടുകളിൽ സ്ഥാപിക്കുന്നത് മോഷണം തടയുന്നതിന് ഉപകരിക്കുന്നതാണ്.
- അത്യാവശ്യ ഘട്ടത്തിൽ അയൽവാസികളുമായി ബന്ധപ്പെടുന്നതിന് അയൽവാസികളുടെ മൊബൈൽ നമ്പറുകൾ സ്പീഡ് ഡയൽ ആയി മൊബൈൽ ഫോണിൽ സെറ്റ് ചെയ്തു സൂക്ഷിക്കേണ്ടതാണ്.
- ഇതര സംസ്ഥാന തൊഴിലാളികളെ താമസിപ്പിക്കുന്ന തൊഴിലുടമകളും, വീട്ടുടമസ്ഥരും താമസക്കാരുടെ പൂർണ്ണമായ വിവരങ്ങൾ

ശേഖരിക്കേണ്ടതും, അതാത് പരിധിയിലെ പോലീസ് സ്റ്റേഷനിൽ കൈമാറേണ്ടതുമാണ്.

- റസിഡൻസ് അസോസിയേഷനുകൾ പൊതുവായ സ്ഥലങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള ശ്രമങ്ങൾ കൈകൊള്ളേണ്ടതാണ്.
- പൊതുജനങ്ങളുടെ സുരക്ഷിതത്വം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടുകൂടി 24 മണിക്കൂറും പോലീസ് സേവനം ലഭ്യമാകുന്ന തരത്തിൽ തൃശ്ശൂര് സിറ്റി പോലീസ് കൺട്രോൾ റൂം പ്രവർത്തിക്കുന്നുണ്ട്. പൊതുജനങ്ങൾക്ക് പോലീസ് സഹായത്തിനായി 100, 0487 2424111, 0487 2424193 എന്ന നമ്പറിൽ ഏതു സമയത്തും വിളിച്ച് ബന്ധപ്പെടാവുന്നതാണ്.

Sd/-

ജില്ലാ പോലീസ് മേധാവി,

തൃശ്ശൂർ സിറ്റി